## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.824 25.7.2012-ൽ മറുപടിയ്ക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ പുതിയ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ ജപ്പാൻ സർക്കാരുമായി സഹകരിച്ച് പുതിയ കുടിവെള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) കൊച്ചി നഗരത്തിലേയും അനുബന്ധ പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 1725 കോടി രൂപയോളം ചിലവ് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതികൾ ജപ്പാൻ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 5725 കോടി രൂപയുടെ പുതിയ കുടിവെള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) കൊച്ചി നഗരത്തിലേയും പരിസര പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനു വേണ്ടിയാണ് പദ്ധതികൾ ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതിയുടെ എസ്റ്റിമേറ്റ് എത്ര കോടി രൂപയാണ്; | (സി) ആദ്യഘട്ട പദ്ധതിയ്ക്കുവേണ്ടി 725 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടു്; വ്യക്തമാക്കുമോ? | (ഡി) ആദ്യഘട്ടമായി 725 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഗവൺ മെന്റ് ഓഫ് ഇന്ത്യയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ